സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതി

286 (951) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ' പദ്ധതിയിൽ ഉൾപ്പെടുത്തിയ വാമനപുരം നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനി, നെടുന്തേരി കോളനി എന്നിവിടങ്ങളിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദീകരിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഏറ്റെടുത്ത പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വീഴ്ചവരുത്തുന്നവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അംബേദ്കർ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, അതിനുള്ള ചുറ്റുമതിൽ, ഫർണിച്ചർ, തെരുവ് വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്വയംതൊഴിൽ പദ്ധതികൾ എന്നീ പ്രവൃത്തികളും കല്ലറ നെടുന്തേരി കോളനിയിൽ ഭവന പുനരുദ്ധാരണം (9 എണ്ണം), റോഡ് ടാറിംഗ്, റീടെയിനിംഗ് വാൾ, റോഡ് കോൺക്രീറ്റിംഗ്, രണ്ട് റോഡുകൾ ബന്ധിപ്പിക്കുന്നത്, പടി നിർമ്മാണം, ഡ്രെയിനേജ്, ബോക്സ് കലുങ്ക്, കുടിവെള്ള വിതരണ പദ്ധതികൾ എന്നീ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ബി) നെടുന്തേരി കോളനിയിൽ ഒന്നാംഗഡു തുക 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അംബേദ്കർ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് കോളനിക്കുള്ളിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly